

# എടച്ചേരി സെൻട്രൽ എൽ . പി . സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025 - 26

# എടച്ചേരി സെൻട്രൽ എൽ . പി . സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025 - 26

# ആമുഖം

സമൂഹത്തിന്റെ ഉയർന്ന പ്രതീക്ഷയ്ക്കൊത്ത് പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം വെച്ചു കൊണ്ട് സമഗ്ര ഗുണമേന്മാ വിദ്യാലയ പ്രോജക്ട്.

അക്കാദമിക മികവിന് ഊന്നൽ നൽകികൊണ്ടാണ് ഈ പ്രോജക്ട് തയ്യാറാക്കിയത്. അക്കാദമിക മികവാണ് വിദ്യാലയത്തിന്റെ മികവ് എന്ന തിരിച്ചറിവോടുകൂടിയാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കിയത്. മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്കെത്താൻ സഹായകരമാകുന്ന പഠനാവസരം ലഭിക്കാനും ഒപ്പം ഭൗതിക വികസനത്തിനുള്ള മാസ്റ്റർപ്ലാനും സമൂഹത്തെ കോർത്തിണക്കി കൊണ്ടുള്ള പദ്ധതികളും ഇതിൽ ഉൾകൊളളിക്കുന്നു.

# പ്രവർത്തനങ്ങൾ

- മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായമാക്കാൻ പഠനാവസരം ലഭ്യമാക്കൽ.
- സ്മാർട്ട് ക്ലാസ്റൂമുകൾ സജ്ജമാക്കൽ.
- പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലേർപ്പെടൽ.
- പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുഖ്യധാരയിലെത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ സജ്ജമാക്കൽ.
- ലാബ്, ലൈബ്രറി സൗകര്യം ലഭ്യമാക്കൽ.
- കലാകായിക പ്രവൃത്തി പരിചയ മേഖലയ്ക്ക് ഊന്നൽ നൽകും.
- നീന്തൽ പരിശീലനം
- ഇംഗ്ലീഷ് പഠനത്തിന് സ്പെഷൽ കോച്ചിംഗ്.
- സൈക്കിൾ പരിശീലനം.
- പച്ചക്കറിത്തോട്ട നിർമ്മാണം.

## പ്രവർത്തനങ്ങൾ

- ഒന്നാംതരം ഒന്നാന്തരമാക്കൽ
- കവിത കലക്ഷൻസ്
- ടാലന്റ് ലാബ്
- ക്ലാസ് ലൈബ്രറി
- സ്കൂൾ ലൈബ്രറി
- ന്യൂസ് റീഡിംഗ്
- പതിപ്പ് നിർമ്മാണം
- പ്ലക്കാർഡ് നിർമ്മാണം
- പദസൂര്യൻ
- ഫീൽഡ് ട്രിപ്പ്
- നാടൻ പാട്ടുകൾ
- വായനാമരം
- അമ്മ വായന
- സഞ്ചരിക്കുന്ന ലൈബ്രറി
- ജൈവവൈവിധ്യപാർക്ക്
- ജൈവ പച്ചക്കറി
- കടങ്കഥാമത്സരം
- മലയാളത്തിളക്കം
- ബാലസഭ
- ഗണിത ക്ലബ്
- പരിസ്ഥിതിക്ലബ്
- ഇംഗ്ലീഷ് ക്ലബ്
- മലയാളം ക്ലബ്
- സ്കൂൾ മാഗസിൻ
- വാക്യങ്ങൾ നിർമ്മിക്കൽ
- കഥാപതിപ്പ്
- കവിതാപതിപ്പ്
- ചിത്രപതിപ്പ്
- Just a minute
- Speaking Compelitions
- English assembly
- Conversation building
- News Reading
- Description
- Pomes rhymes
- Puzzles
- Word chain
- Dictionary (Picture)
- School Magazine
- School News Paper
- Special day Celebration
- Notice
- Letter
- Story Writing
- Cursive Writing

## വിവിധതരം നിർമ്മാണങ്ങൾ

- ❖ പേപ്പർ ബേഗ് നിർമ്മാണം
- ❖ തൊപ്പി നിർമ്മാണം
- ❖ പൂവ് നിർമ്മാണം
- ❖ ഡോൾ നിർമ്മാണം
- ❖ മാലനിർമ്മാണം
- ❖ വെജിറ്റബിൾ പ്രിന്റിംഗ്

## പരിശീലനങ്ങൾ (സ്പോർട്സ്)

- നീന്തൽ
- സൈക്കിൾ
- ഓട്ടം, ചാട്ടം

# ചരിത്രം

എടച്ചേരി സെൻട്രൽ എൽ.പി.സ്കൂൾ കോഴിക്കോട് ജില്ല യിൽ വടകര താലൂക്കിൽ എടച്ചേരി ഗ്രാമപഞ്ചായത്തിൽ 10-ാം വാർഡിൽ സ്ഥിതിചെയ്യുന്നു.

1920-30 കളിൽ ബ്രിട്ടീഷ് ഭരണം കൊടുമ്പിരികൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ അടിച്ചമർത്തപ്പെട്ട അധഃകൃതവർഗ്ഗക്കാരുടെ ഉന്നമനത്തിനായി അശ്രാന്തപരിശ്രമം നടത്തിയ മഹത് വ്യക്തിയായിരുന്നു ശ്രീ.വാഗ്ഭടാനന്ദഗുരു എന്ന പ്രമുഖ വിദ്യാഭ്യാസ വിചക്ഷണൻ. അദ്ദേഹം കേരളത്തിലെ ഓരോ ജില്ലയും സഞ്ചരിച്ച് പാവപ്പെട്ടവരുടെ ഉന്നമനത്തിനായി പ്രവർത്തിച്ചുവരുന്ന വേളയിൽ ശ്രീ.തെക്കെയിൽ കുഞ്ഞിക്കണ്ണൻ എന്ന മഹാമനസ്കന്റെ സഹകരണത്തോടെയാണ് ഈ വിദ്യാലയം സ്ഥാപിക്കപ്പെട്ടത്.

1936 മുതൽ 1951 വരെ കുളങ്ങരപ്പൊയിൽ ഹിന്ദു ബോയ്സ് എന്നും, എടച്ചേരി നോർത്ത് ഗേൾസ് സ്കൂൾ എന്നും പേരുള്ള രണ്ട് സ്കൂളുകളാണ് പിൽക്കാലത്ത് 1951 - ൽ സർക്കാർ ഉത്തരവ് പ്രകാരം എടച്ചേരി സെൻട്രൽ സ്കൂൾ എന്ന ഒറ്റ വിദ്യാലയം രൂപപ്പെട്ടത്.

പരേതനായ തെക്കയിൽ കുഞ്ഞിക്കണ്ണൻ ആയിരുന്നു ഇതിന്റെ സ്ഥാപക മാനേജർ. അതിനു ശേഷം അദ്ദേഹത്തിന്റെ

മകൻ പൊള്ളോത്തന്റവിട കൃഷ്ണൻ മാനേജരായി. അദ്ദേഹത്തിന്റെ കാലത്താണ് സ്കൂളിന്റെ പുതിയ കെട്ടിടം കെ.ഇ.ആർ അനുസരിച്ചുള്ള അളവിൽ ഉണ്ടാക്കിയത്. അദ്ദേഹത്തിന്റെ മരണ ശേഷം മകന്റെ ഭാര്യ സി.എച്ച്. സരോജിനിയാണ് മാനേജർ.

ഒന്നാമത്തെ അധ്യാപകൻ ചെരണ്ടത്തൂരിലുള്ള അധ്യാപകൻ ആയിരുന്നു എന്ന് പറയപ്പെടുന്നു. മുറിച്ചാണ്ടിയിൽ കൃഷ്ണൻ നമ്പ്യാർ, പി.കൃഷ്ണക്കുറുപ്പ്, ടി. നാണു മാസ്റ്റർ, എന്നിവരായിരുന്നു ആദ്യകാല അധ്യാപകന്മാർ. പരിശീലനം ലഭിച്ച ആദ്യത്തെ അധ്യാപിക ശ്രീമതി. കുഞ്ഞിമന്ദി എന്നുപേരുള്ള വി.ജാനകി ടീച്ചർ ആയിരുന്നു.

അന്നത്തെ പ്രധാന അധ്യാപകൻ ടി.നാണു മാസ്റ്റർ ആയിരുന്നു. ടി.എം. ഗോപാലൻ മാസ്റ്റർ കുറച്ചുകാലം അധ്യാപകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. വി.കെ. കല്ല്യാണി, കെ.ബാലൻ അടിയോടി, കെ.ശാരദ ടീച്ചർ, പി.കെ. ബാലൻ എന്നിവർ പ്രധാന അധ്യാപകരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 18 വർഷക്കാലം കെ.ശാരദ ടീച്ചർ പ്രധാന അധ്യാപികയായിട്ടുണ്ട്. പിന്നീട് എം. എം.വസന്തകുമാരി പ്രധാന അധ്യാപികയായി. 2015 മെയിൽ വിരമിച്ചു. 2015 മുതൽ 2017 വരെ സി.പവിത്രൻ പ്രധാന അധ്യാപകനായി സേവനം അനുഷ്ഠിച്ചു. 2016 മാർച്ച് മാസത്തിൽ പ്ലാറ്റിനം ജൂബിലി ആഘോഷം വിപുലമായി ആഘോഷിച്ചു. അന്നത്തെ വനം വകുപ്പ് മന്ത്രി ശ്രീ.ബിനോയി വിശ്വം സമാപന സമ്മേളനം

ഉദ്ഘാടനം ചെയ്തു. കായിക മത്സരം കോച്ച് ഒ.എം. നമ്പ്യാർ ഉദ്ഘാടനം ചെയ്തു. കലാകായിക ശാസ്ത്രമേളയിൽ സബ്ജില്ലാതലത്തിൽ നിരവധി സമ്മാനങ്ങളും ട്രോഫികളും നേടാൻ കഴിഞ്ഞിട്ടുണ്ട്.

നമ്മുടെ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളായ ഐശ്വര്യ.സി ചന്ദ്രോത്ത് അഖിലേന്ത്യാ എൻട്രൻസ് പരീക്ഷയിൽ 2014ൽ ഉന്നത റാങ്ക് നേടി എം.ബി.ബി.എസ്. പഠനത്തിനുള്ള യോഗ്യത കരസ്ഥമാക്കി. കേരള മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഷെൽനാരാജ്, ആദിൽ മുഹമ്മദ്, എന്നവർ മെഡിക്കൽ സീറ്റ് കരസ്ഥമാക്കിയ വിദ്യാർത്ഥികളാണ്.

# ഗണിതം

## ആമുഖം

ബഹുഭൂരിപക്ഷം പഠിതാക്കളും ഗണിതത്തെ ഭയക്കുന്നു. ഭയത്തിന്റെ അടിസ്ഥാനം അജ്ഞതയാണ് എന്നൊരു ചൊല്ലുണ്ട്. അത് വെറുമൊരു ചൊല്ലല്ല സത്യവുമാണ്. പ്രതീകങ്ങളും ചിഹ്നങ്ങളും ഉപയോഗിച്ച് എന്തൊക്കയോ രേഖപ്പെടുത്തിയിരിക്കുന്നു. അപരിചിതത്വമാണ് അതിനെ ഭയക്കാനിടയാക്കുന്നത്. ഗണിത ശാസ്ത്രജ്ഞർ എന്ന മനുഷ്യസ്നേഹികൾ ആയിരക്കണക്കിന് വർഷങ്ങൾ കൊണ്ട് ആർജ്ജിച്ചെടുത്ത അറിവാണ് അത്. ഇന്നത്തെ/ നാളത്തെ തലമുറയ്ക്ക് അന്യമാകുന്ന അവസ്ഥ അസഹനീയമാണ്. ആശയങ്ങൾ അനുഭവഭേദ്യമാക്കുന്നതിനു വന്ന ഒരുവിടവാണ് ഇവിടെ കാണുന്നത്. ഗണിത ശാസ്ത്രം ജീവിതാവശ്യങ്ങളുടെ സന്തതിയെന്ന നിലയിൽ രൂപം പൂണ്ട ഒരു ശാസ്ത്രമാണ്.

ഗണിതശാസ്ത്രത്തിന്റെ അടിസ്ഥാനപരമായ പ്രവർത്തനത്തെ മാറ്റി നിർത്തി ദൈനംദിന ജീവിതത്തിൽ നമുക്ക് ഒന്നും ചെയ്യാൻ സാധ്യമല്ല. എഴുതാനും വായിക്കാനും കഴിയാത്ത ഒരു വ്യക്തിക്ക് ചിലപ്പോൾ തന്റെ ജീവിതം മുന്നോട്ട് കൊണ്ടു പോകാൻ കഴിഞ്ഞെന്ന് വരാം. എന്നാൽ എണ്ണാനും കണക്ക് കൂട്ടാനും കഴിയാതെ ജീവിക്കുക വളരെ പ്രയാസമാണ്. കണക്ക് അറിയാത്ത ഒരാളെ കബളിപ്പിക്കാൻ എളുപ്പമാണ്. അവർക്ക് മറ്റൊരാളെ ആശ്രയിക്കേണ്ടതായി വരുന്നു. ഇന്നത്തെ ചുറ്റുപാടിൽ ഗണിത ശാസ്ത്രത്തിന്റെ

അടിസ്ഥാനപരമായ വസ്തുതകളും അതുപയോഗിക്കാനുള്ള കഴിവും അവശ്യം നേടേണ്ട ഒന്നാണ്.

എണ്ണൽ, അടയാളപ്പെടുത്തൽ,സങ്കലനം, വ്യവകലനം, ഗുണനം, ഹരണം, അളക്കൽ, കൊടുക്കൽ, വാങ്ങൽ തുടങ്ങിയവയെല്ലാം ഗണിതശാസ്ത്രത്തിന്റെ അടിസ്ഥാന ക്രിയകളാണ്. ഗണിതശാസ്ത്രത്തിന് സ്കൂൾ തലത്തിൽ അർഹിക്കുന്ന പ്രാധാന്യം നൽകി പഠിച്ചാൽ മാത്രമേ മേൽപ്പറഞ്ഞ മേഖലകളിൽ അറിവുനേടാനും അവ പ്രയോഗിക്കാനും കഴിയൂ.

## കണ്ടെത്തിയ പരിമിതികൾ

1. എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.
2. പാഠ്യാസൂത്രണം നടത്തുന്നതിനുള്ള വീഴ്ചകൾ.
3. ഗണിത ലാബിന്റെ അഭാവം.

## കുട്ടികളിൽ

1. ഗണിതം പ്രയാസം എന്ന ധാരണ.
2. അടിസ്ഥാന ആശയങ്ങളുടെ ധാരണക്കുറവ്.
3. പഠിക്കുന്ന ആശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയാത്തത്.
4. അവധികൾ.

| Sl | Programme | Activity | Duration |
|---|---|---|---|
| 1 | ഗണിതാശയങ്ങൾ പ്രയോഗിക വത്ക്കരിക്കുന്നതിന്. | 1.ഗണിത ലബോറട്ടറി, കളികളിൽ ഏർപ്പെടുന്നതിനും, അളക്കുന്നതിനും, വരക്കുന്നതിനും ഉള്ള സൗകര്യം<br>2.കമ്പ്യൂട്ടർകാൽക്കുലേറ്റർ, സർവ്വെഉപകരണങ്ങൾ, മൂർത്ത വസ്തുക്കൾ, മറ്റു വിഷയങ്ങളുമായി ബന്ധപ്പെട്ടഉപകരണങ്ങൾ എന്നിവ സജ്ജീകരിക്കൽ. | ജൂൺ മുതൽ സപ്തംബർ വരെ |

| Sl | Programme | Activity | Duration |
|---|---|---|---|
| 1 | ഗണിതത്തിൽ താൽപ്പര്യം വളർത്തൽ. | 1.പസിലുകൾ,കടങ്കഥകൾ,ഗണിതമേജിക്കുകൾ, കളികൾ ഇവയുടെ ശേഖരണവും ഉപയോഗപ്പെടുത്തലും.<br>2.പുസ്തകരൂപത്തിൽ തയ്യാറക്കൽ,പുസ്തകപ്രകാശനം | ജൂൺ മുതൽ സപ്തംബർ വരെ |
| 2 | ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിന് | 1. Addition Chart, വിവിധ ചതുരബോർഡ്<br>2.മണിച്ചട്ടം(അബാക്കസ്)<br>3. ഐ.സി.ടി.സാധ്യത ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ. | |
| 3 | സംഖ്യാബോധം ഉറപ്പിക്കുന്നതിന് | 1.ഗണിതകിറ്റ്, മഞ്ചാടി , മുത്ത്,കമ്പുകെട്ടുകൾ, അബാക്കസ്, വിത്തുകൾ, തീപ്പെട്ടിക്കമ്പുകൾ,കത്രിക, ഹാർഡ് ബോർഡ് തുടങ്ങിയവ. | |

## പ്രശ്നങ്ങൾ

- പഠിതാവിന്റെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കപ്പെടുന്നില്ല.
- സമഗ്രമായ ഗ്രഹണം നടക്കുന്നില്ല.
- ഗവേഷണത്തിനും സ്വയം ഗ്രഹിക്കുന്നതിനും അവസരകുറവ്.
- സ്വന്തമായി ചിന്തിക്കുവാൻ അവസരം കുറവ്.
- ഐ.സി.ടി പോലുള്ള വിഭവങ്ങളുടെ അഭാവം.

## ലക്ഷ്യങ്ങൾ

1. നിത്യജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുതകുന്ന തരത്തിൽ കുട്ടികളെ വളർത്തിയെടുക്കുക.
2. യുക്തിപരമായി ചിന്തിക്കാനുള്ള കഴിവ് നേടുക
3. പ്രശ്നാപരിഹരണശേഷി കൈവരിക്കുക.
4. ഗണിതശാസ്ത്ര ശേഷികൾ കൈവരിക്കുന്നതിന്.
5. ഗണിതാശയങ്ങൾ പ്രായോഗിക വൽക്കരിക്കുന്നതിന്
6. മത്സര പരീക്ഷകളിൽ വിജയം കൈവരിക്കുന്നതിന്.

# മലയാളം

## ആമുഖം

ജന്മസിദ്ധമായ ഭാഷാശേഷി കുടുംബാംഗങ്ങളോടും മറ്റുള്ളവരോടുമുള്ള സംസർഗം വഴി നേടിയ വിനിമയ ശേഷി എന്നിവയോടുകൂടിയാണ കുട്ടികൾ വിദ്യാലയങ്ങളിൽ എത്തുന്നത്. മാതൃഭാഷ ശരിയായി മനസ്സിലാക്കാനും പ്രയോഗിക്കാനും സംസാരത്തിലും പെരുമാറ്റത്തിലും ഔചിത്യപൂർവ്വം മാറ്റങ്ങൽ വരുത്താനും കഴിയുന്നവരാണിവർ. ഈ ശേഷികൾ പടിപടിയായി മെച്ചപ്പെടുത്തി കൊണ്ട് ഗ്രഹണനൈപുണ്യവും പ്രായോഗിക നൈപുണ്യവും ഉയർന്ന തലത്തിൽ എത്തിക്കുക എന്നതാണ് പ്രാഥമിക തലത്തിലെ ഭാഷാപഠനത്തിന്റെ ലക്ഷ്യം.

ഭാഷയുടെ ലിഖിതരൂപം പരിചയപ്പെടുത്തികൊണ്ട് വായിച്ചും എഴുതിയുമുള്ള ഭാഷാപ്രയോഗത്തിൽ കുട്ടികൾക്ക് അടിത്തറയിടാനുള്ള ശ്രമങ്ങളാണ് നടക്കേണ്ടത്. കൂടുതൽ ഉയർന്നതലത്തിൽ വിനിമയ ശേഷിയും സർഗ്ഗാത്മകതയും പ്രയോഗശേഷിയും വികസിപ്പിക്കുന്നതിന് വാമൊഴിയും വരമൊഴിയും ഉപയോഗിച്ചുള്ള അവസരങ്ങൾ ഒരുക്കുകയാണ് വേണ്ടത്.

കേവലം ഒരു ആശയവിനിമയോപാധി എന്നതിനപ്പുറം ഭാഷ ഒരു ജനതയുടെ സാമൂഹികവും സംസ്ക്കാരികവുമായ ജീവിതത്തിന്റെ പ്രതിഫലനം തന്നെയാണ്. വികാരവിചാരങ്ങൾ പ്രകടിപ്പിക്കുന്നതിനും സർഗ്ഗാത്മകാവിഷ്ക്കാരങ്ങൾ നടത്തുന്നതിനും കലാ

സൃഷ്ടികൾ ആസ്വദിക്കുന്നതിനും ഭാഷ ഉപയോഗപ്പെടുത്തുന്നു. മനുഷ്യന്റെ വളർച്ചയിലും വികാസത്തിലും ഭാഷ നിർണ്ണായക പങ്കാണ് വഹിക്കുന്നത്.

തന്റെയും സമൂഹത്തിന്റെയും ഉന്നമനത്തിന് ശക്തമായ ഉപകരണമായി ഭാഷ ഉപയോഗിക്കാൻ കുട്ടിയെ പ്രാപ്തനാക്കും എന്നതാണ് ഭാഷാപഠനത്തിന്റെ ആത്യന്തിക ലക്ഷ്യം.

## പ്രശ്നങ്ങൾ

- അക്ഷരങ്ങൾ ഉറക്കാത്തത്.
- ചിഹ്നങ്ങൾ ഉറക്കാത്തത്.
- വായനയിലുള്ള പ്രശ്നങ്ങൾ
- ലേഖനത്തിലുള്ള പ്രശ്നങ്ങൾ
- ചിഹ്നങ്ങൾ വിട്ടു പോകുന്നത്

## അധ്യാപകരുടെ പ്രശ്നങ്ങൾ

- സമയകുറവ്
- ക്ലാസുകളിൽ ഐ.സി.ടി.യിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ പൂർണ്ണമായും പ്രാവർത്തികമാക്കാൻ കഴിയുന്നില്ല.
- റിസോഴ്സുകളുടെ അഭാവം

## പരിഹാര ബോധനം

- മലയാളത്തിളക്കം
- ചിഹ്നങ്ങൾ ഉറപ്പിക്കാനുള്ള പ്രത്യേക ക്ലാസ്
- ഐ.സി.ടി സാധ്യത ഉപയോഗപ്പെടുത്തൽ

| Sl | Programme | Activity | Duration |
| --- | --- | --- | --- |
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളതിളക്കം) | Pretest<br>കഥാപുസ്തകം നൽകൽ.<br>അക്ഷരം ഉറപ്പിക്കൽ<br>ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>വാക്കുകൾ നിർമ്മിക്കൽ<br>വാക്യങ്ങൾ നിർമ്മിക്കൽ<br>വാക്യങ്ങൾ നിർമ്മിക്കൽ<br>വാക്കുകൾ എഴുതിയ കാർഡുകൾനിർമ്മിക്കൽ<br>കഥ എഴുതൽ<br>കവിത എഴുതൽ<br>കഥ വായന<br>കവിത വായന<br>ചിത്ര കഥാ വായന<br>I.C.T.സാധ്യത പ്രയോജനപ്പെടുത്തൽ<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി അനുയോജ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പ്രത്യേക ക്ലാസ്. | ജൂൺ മുതൽ സപ്തംബർ വരെ |

| Sl | Programme | Activity | Duration |
| --- | --- | --- | --- |
| 1 | കുട്ടിയെ മികച്ച വായന ക്കാരനാക്കുക. | അമ്മ വായന<br>പത്രവായന<br>ക്ലാസ്സ് ലൈബ്രറി രൂപീകരി ക്കൽ<br>സ്കൂൾ ലൈബ്രറി നവീ കരിക്കൽ<br>വായനാ മത്സരം സംഘ ടിപ്പിക്കൽ<br>പുസ്തക വായന ചർച്ച<br>വായനാനുഭവം പങ്കുവെ ക്കൽ<br>വായനാകുറിപ്പ് പതിപ്പ് തയ്യാറാക്കൽ<br>സ്കൂൾ സഭ, ബാലസഭ<br>ദിനാചരണങ്ങൾ<br>ക്ലബ്ബ് രൂപീകരണം<br>ആനുകാലിക പ്രസിദ്ധീക രണങ്ങളും വായനയും<br>സമീപ ഗ്രന്ഥശാലാ അംഗത്വം | ജൂൺ മുതൽ മാർച്ച് വരെ |

| Sl | Programme | Activity | Duration |
|---|---|---|---|
| 1 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | പുസ്തക ചർച്ച<br>എഴുത്തുകൂട്ടം മോണിറ്ററിംഗ്.<br>വായനക്കുറിപ്പ്.<br>ആസ്വാദനക്കുറിപ്പ്<br>ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>സഞ്ചരിക്കുന്ന ലൈബ്രറി<br>കവിതാരചന<br>കഥാരചന<br>രചയിതാക്കളെ പരിചയപ്പെടുത്തൽ<br>ഭാഷാപ്രോജക്ട്<br>സാഹിത്യ-സംസ്ക്കാരിക-ചിത്രഗ്യാലറി<br>കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തികൊണ്ടുള്ള പ്രത്യേക ലൈബ്രറി.<br>പത്രവായന<br>പത്രകട്ടിംഗ്സ് വെട്ടി പദങ്ങൾ വായിക്കൽ<br>കഥാരചന<br>ചിത്രകാർഡ് നൽകി അടികുറിപ്പ് നൽകൽ. | ജനുവരി മുതൽ ഫിബ്രവരി<br><br>ഫിബ്രവരി |

## പ്രവർത്തനങ്ങൾ

- ○ പ്രീ-ടെസ്റ്റ് നടത്തുന്നു, പിന്നോക്കക്കാരെ കണ്ടെത്തുന്നു.
- ○ കഥാപുസ്തകം നൽകൽ
- ○ വായനാകുറിപ്പ് തയ്യാറാക്കൽ
- ○ <u>അക്ഷരം ഉറപ്പിക്കൽ</u> :- വായനാകാർഡിൽ നിന്നും അക്ഷരങ്ങൾ വെട്ടിയെടുത്ത് പദങ്ങൾ കൂട്ടി വായിക്കുന്നു.
- ○ <u>ചിഹ്നങ്ങൾ ഉറപ്പിക്കൽ</u> :- ചിഹ്നങ്ങൾ ഉള്ളവയും, ഇല്ലാത്തവയുമുള്ള വാക്കുകൾ പട്ടികപ്പെടുത്തി അതിൽനിന്നും താരതമ്യം ചെയ്ത് ചിഹ്നങ്ങളുടെ വ്യത്യാസം മനസ്സിലാക്കുന്നു.
- ○ ചിത്രസഹായത്താൽ അടയാളങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പി ക്കൽ.
- ○ <u>വാക്കുകൾ നിർമ്മിക്കൽ</u>
- • പദസൂര്യൻ നൽകുന്നു.
- • ചിത്രകാർഡുകൾ നൽകി വാക്കുകൾ ഉണ്ടാക്കുന്നു.
- ○ <u>വാക്യങ്ങൾ നിർമ്മിക്കൽ</u>
- • പദസൂര്യനിൽ നിന്നും വാക്യങ്ങൾ നിർമ്മിക്കൽ.
- ○ <u>വാക്കുകൾ എഴുതിയ കാർഡുകൾ നിർമ്മിക്കൽ:-</u> വ്യത്യസ്ത അക്ഷ രങ്ങൾ നൽകി പുതിയ വാക്കുകൾ രൂപീകരിക്കൽ.
- ○ <u>കഥ എഴുതൽ:-</u> ആശയം കൊടുത്ത് കഥ എഴുതൽ.
- ○ <u>കവിത എഴുതൽ:-</u> ആശയം കൊടുത്ത് കവിത എഴുതൽ
- ○ <u>ചിത്ര കഥാവായന:-</u> ചിത്രങ്ങൾ അടങ്ങിയ സി.ഡി. പ്രദർശിപ്പിക്കു ന്നു. ഓരോ ചിത്രത്തെയും കുറിച്ച് പറയാൻ അവസരം നൽകുന്നു.

- <u>പത്രവായന:-</u> സ്കൂൾ അസംബ്ലി, ക്ലാസ്
- <u>ചിത്രകാർഡ് നൽകി അടികുറിപ്പ് നൽകൽ:-</u> ചിത്രം നൽകൽ, അടികുറിപ്പ് പറയിപ്പിക്കൽ.
- <u>അമ്മവായന</u>

  സ്കൂൾ ലൈബ്രറിയിൽ നിന്നും അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാൻ അവസരം
- <u>വയനാമത്സരം സംഘടിപ്പിക്കൽ</u>

  ആഴ്ചയിൽ ഒരു പത്രം കുട്ടികൾ നിർമ്മിച്ച് മികച്ചത് കണ്ടെത്തൽ.
- <u>പുസ്തക വായന-ചർച്ച</u>

• വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, സാഹിത്യകാരന്മാർ എന്നിവർക്ക് സ്വാഗതം.

• പാഠഭാഗവുമായി ബന്ധപ്പെട്ട് അധികവായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ.

• സന്ദേശം, കഥാപാത്രനിരൂപണം, സ്വാധീനം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ മാസത്തിലൊരിക്കൽ സംഘടിപ്പിക്കൽ.

- <u>വായനാനുഭവം പങ്ക് വെയ്ക്കൽ</u>

• സ്കൂൾ അസംബ്ലി, ക്ലാസ്, വായിച്ച പുസ്തകങ്ങളുടെ ലിസ്റ്റ് രൂപീകരിക്കൽ

- <u>വായനാകുറിപ്പ് തയ്യാറക്കൽ-പതിപ്പ്</u>

  ഓരോ പുസ്തകവായനയുടെയും കുറിപ്പ് ശേഖരിക്കൽ, ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തി പതിപ്പ് പ്രകാശനം ചെയ്യൽ.
- <u>ദിനാചരണങ്ങൾ</u>

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി മത്സരങ്ങളും, പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നു.

- <u>സ്കൂൾ സഭ-ബാലസഭ</u>

ഓരോ ക്ലാസിലും സ്കൂളിലും ബാലസഭ രൂപീകരണം, സ്കൂളിൽ യോഗം സംഘടിപ്പിക്കൽ, സൃഷ്ടികൾ പരിചയം, പ്രകാശനം, അവതരണം.

- <u>ക്ലബ്ബ് രൂപീകരണം</u>

കുട്ടികളുടെ സർഗ്ഗവികസനത്തിന് വിവിധ പരിപാടികൾ ഉൾകൊളളിച്ചു കൊണ്ട് വിവിധ ക്ലബ്ബുകൾ രൂപീകരിക്കുന്നു, മികച്ച പ്രകടനക്കാരെ കണ്ടെത്തൽ, പ്രോത്സാഹനം.

- <u>എഴുത്തുകൂട്ടം രൂപീകരണം</u>

കുട്ടികളെ അഞ്ച് വീതം എഴുത്ത് കൂട്ടങ്ങളാക്കുന്നു, വ്യക്തിഗത രചന, സംഘരചന, എന്നിവ സംഘടിപ്പിക്കുന്നു. എഴുത്ത് ഏത് സാഹിത്യവിഭാഗത്തിൽ മോണിറ്റിംഗ് എന്നിവ ചർച്ച ചെയ്യുന്നു.

- <u>സഞ്ചരിക്കുന്ന ലൈബ്രറി</u>

സ്കൂൾ ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങൾ അയൽപക്ക വീടുകളിലേക്കും അവിടെ നിന്ന് പുസ്തകങ്ങൾ ശേഖരിച്ച് കുട്ടികൾക്ക് വായിക്കാനവസരം.

- <u>രചയിതാക്കളെ പരിചയപ്പെടുത്തൽ</u>

അസംബ്ലിയിൽ ഒരിനമാകൽ

കൃതികൾ, സംഭാവന, സവിശേഷത ഇവ പരിചയപ്പെടുത്തൽ.

രചയിതാവിന്റെ ചിത്രം പരിചയപ്പെടുത്തൽ. പരിചയപ്പെടുത്തൽ കുറിപ്പ് തയ്യാറാക്കൽ.

- ഭാഷാ പ്രൊജക്ട്

ഭാഷയെ കൂടുതൽ മനസ്സിലാക്കാനും ആഴത്തിലുള്ള വായനയ്ക്കുമായി ഭാഷയുടെ വിവിധ പ്രൊജക്ടുകൾ ചെയ്യുന്നു.

- സാഹിത്യ സംസ്ക്കാരിക ചിത്ര ഗ്യാലറി

സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, പുസ്തകങ്ങൾ, മഹത്വചനങ്ങൾ, ജീവചരിത്രകുറിപ്പുകൾ, ആസ്വാദനകുറിപ്പുകൾ, കവിതകൾ പ്രദർശിപ്പിക്കൽ, ആർട്ട് ഗ്യാലറി സന്ദർശിക്കൽ.

- ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും

ക്ലാസ് മുറിയിൽ, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത, വായന പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ മത്സരങ്ങൾ.

- സമീപ ഗ്രന്ഥശാലാ അംഗത്വം

ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തക വിതരണം, വായന, എഴുത്ത്, പ്രോത്സാഹനം, 'എന്റെ എഴുത്ത്' പ്രകാശനം.

## ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- അമ്മ വായന
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, സഞ്ചരിക്കുന്ന ലൈബ്രറി
- ഗ്രന്ഥശാലാ അംഗത്വം
- ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ
- ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ.
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യതകൾ കണ്ടെത്തുക.
- സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ.

# പരിസരപഠനം

## ആമുഖം

ആധുനിക സമൂഹത്തിന്റെ നിലനിൽപ്പ് പ്രധാനമായും ശാസ്ത്രത്തെ അടിസ്ഥാനമാക്കിയാണ്. ശാസ്ത്രം ഒരേ സമയം ലക്ഷ്യവും മാർഗ്ഗവുമായതു കൊണ്ട് തന്നെ ശാസ്ത്രം മറ്റു വിഷയങ്ങളിൽ നിന്ന് വ്യത്യസ്തവുമാണ്. വസ്തുതകളുടെ കാരണങ്ങളെ പറ്റിയുള്ള അന്വേഷണമാണ് ശാസ്ത്രം. ചുറ്റുപാടിനെ കുറിച്ച് ബോധമുണ്ടാക്കേണ്ടത് പരമപ്രധാനമായ ആവശ്യമാണ്. അത് അന്വേഷണകൗതുകം, സൃഷ്ടിപരത, വസ്തു നിഷ്ഠ വീക്ഷണം, ചോദ്യം ചെയ്യാനുള്ള ധൈര്യം കലാബോധം മുതലായ സുവ്യക്തമായ കഴിവുകളും മൂല്യങ്ങളും കുട്ടിയിൽ വികസിപ്പിക്കുന്നതിന് ഉതുകും വിധം ശാസ്ത്രവിദ്യാഭ്യാസം ശക്തിപ്പെടേണ്ടതുണ്ട്.

നമ്മുടെ സസ്യങ്ങൾ, വിഭവങ്ങൾ എന്നിവ നശിച്ചു പോകാതെ സൂക്ഷിക്കുവാൻ നിരന്തരം ശ്രദ്ധിക്കുന്ന ഒരു പരിസരം..... സൗഹൃദമനോഭാവം കുട്ടികളിൽ രൂപപ്പെടേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

### ഭൗതികം

- ക്ലാസുകളിൽ ICT യിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ പൂർണ്ണമായും പ്രാവർത്തികമാക്കാൻ കഴിയുന്നില്ല.
- പരീക്ഷണപ്രവർത്തനങ്ങൾ സമയപരിമിതി കാരണം മുഴുവൻ കുട്ടികൾക്കും അവസരം ലഭിക്കുന്നില്ല.

### അക്കാദമികം

- നിശ്ചയിച്ച ശേഷികൾ തന്നിരിക്കുന്ന പ്രവർത്തനങ്ങളിലൂടെ എല്ലാ തരക്കാർക്കും നേടാൻ കഴിയുന്നില്ല.
- പ്രവർത്തനങ്ങളുടെ ആധിക്യം, സമയപരിമിതി.

### സാമൂഹികം

- ഫീൽഡ് ട്രിപ്പ്, അഭമുഖം എന്നിവ സുഗമമായി നടത്താനുള്ള പ്രായോഗിക പ്രയാസങ്ങൾ.

### പരിഹാരം

- കൂടുതൽ ICT സൗകര്യം.
- ക്ലാസ് മുറികളുടെ പരിഷ്ക്കരണം
- പ്രവർത്തനങ്ങളെ ലഘൂകരിക്കൽ
- CPTAയുടെ കാര്യക്ഷമമായ ഇടപെടൽ
- ഫീഡ്ബാക്ക് പ്രവർത്തനങ്ങളുടെ ആവർത്തനം.

| SLNO | Programme | Activity | Duration |
|---|---|---|---|
| 1 | പ്രകൃതിയെ അടുത്തറി യൽ.<br><br>പച്ചക്കറി കൃഷി, ജൈവ വൈവിധ്യ ഉദ്യാനം<br><br>ശാസ്ത്രജ്ഞ ന്മാരെ അടു ത്തറിയൽ | പ്രകൃതി സംരക്ഷണം<br>പരിസരശുചിത്വം ഉറപ്പു - വരുത്തൽ.<br>ആഹാരശീലങ്ങൾ<br>പലതരം ചെടികളെയും സസ്യങ്ങ ളെയും മനസ്സിലാക്കൽ<br>വ്യക്തി ശുചിത്വം, പരിസരശുചി ത്വം.<br>ജൈവപച്ചക്കറിതോട്ടം ഉണ്ടാക്കൽ<br>ഔഷധസസ്യഉദ്യാനം ഉണ്ടക്കൽ.<br>പ്രകൃതിയിൽ നിന്നുള്ള പരീക്ഷണ നിരീക്ഷണങ്ങൾ<br>പ്ലാസ്റ്റിക്ക്മുക്ത വിദ്യാലയം<br>പൂന്തോട്ടനിർമ്മാണം<br>വിശ്രമ പഠനമരത്തണലുകൾ.<br>സ്കൂൾ ലാബ് സജ്ജമാക്കൽ<br>പരീക്ഷണ ശിൽപ്പശാല<br>ഫീൽഡ് ട്രിപ്പ്<br>ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം കണ്ടെത്തി ആഘോഷിക്കൽ.<br>സെമിനാർ ശിൽപ്പശാല<br>പാനൽ ചർച്ച<br>പരീക്ഷണസാമഗ്രഹികൾ ശേഖരി ക്കൽ<br>നിരീക്ഷണശിൽപ്പശാലകൾ | ജൂൺ മുതൽ ജൂലായ്<br><br>ഓഗസ്റ്റ്<br><br>ജൂലായ് മുതൽ മാർച്ച് |

**പ്രകൃതി സംരക്ഷണം**

പോസ്റ്റർ, പ്ലകാർഡ് നിർമ്മാണം, മരം നട്ടുപിടിപ്പിക്കൽ

**പരിസരശുചിത്വം ഉറപ്പാക്കൽ**

ബോധവത്ക്കരണക്ലാസ്, ആഴ്ചയിൽ ഒരിക്കൽ ഡ്രൈഡേ ആചരിക്കൽ.

**ആഹാരശീലങ്ങൾ**

വിദഗ്ധരുടെ ക്ലാസ്, വിഷരഹിത പച്ചക്കറികൾ കഴിക്കാനുള്ള പ്രേരണ കുട്ടികളിൽ വളർത്താനുള്ള ക്ലാസ്.

**പലതരം ചെടികളെയും സസ്യങ്ങളെയും മനസ്സിലാക്കൽ**

പട്ടികപ്പെടുത്തൽ, നിരീക്ഷണം

**വ്യക്തി ശുചിത്വം**

രക്ഷിതാക്കളെ ബോധവൽക്കരിക്കൽ, ചിത്രച്ചാർട്ട്, പോസ്റ്ററുകൾ

**ജൈവപച്ചക്കറിത്തോട്ടം**

എല്ലാകുട്ടികളെയും ഉൾപ്പെടുത്തി സ്കൂളിൽ ജൈവപച്ചക്കറിത്തോട്ടം.

**ഔഷധ സസ്യഉദ്യാനം**

സ്കൂളിൽ ഔഷധസസ്യ ഉദ്യാനം ഒരുക്കൽ, ഇലശേഖരണം, ആൽബം.

<u>പ്രകൃതിയിൽ നിന്നുളള പരീക്ഷണനിരീക്ഷണങ്ങൾ.</u>

പരീക്ഷണക്കുറിപ്പ്.

<u>പ്ലാസ്റ്റിക്ക് മുക്ത വിദ്യാലയം</u>

പോസ്റ്ററുകൾ, പ്ലക്കാർഡ്, പേപ്പർബേഗ് നിർമ്മാണത്തിന് പരിശീലനം നൽകൽ.

<u>സ്കൂൾ ലാബ് സജ്ജമാക്കൽ</u>

ലാബ് സൗകര്യം ഒരുക്കൽ

<u>ഫീൽഡ് ട്രിപ്പ്</u>

പരിസരനടത്തം, പഠനപ്രവർത്തനത്തിന്റെ ഭാഗമായുളള ഫീൽഡ് ട്രിപ്പ്, നിരീക്ഷണക്കുറിപ്പ്, ചിത്രം വരക്കൽ

<u>ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം കണ്ടെത്തി ആഘോഷിക്കൽ.</u>

ICT സാധ്യതകൾ, ചാർട്ട്, ജീവചരിത്രം വിശദീകരിക്കൽ, പതിപ്പ് നിർമ്മാണം, ക്വിസ്സ്.

<u>സെമിനാർ- ശിൽപ്പശാല</u>

പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട വിഷയം ഓരോ കുട്ടിക്കും നൽകുക, എഴുതി അവതരിപ്പിക്കൽ.

- പരീക്ഷണങ്ങൾ
- കുട്ടികളുടെ ഉല്പന്നങ്ങൾ
- ചിത്രങ്ങൾ
- ചാർട്ടുകൾ

## പാനൽ ചർച്ച

കുട്ടികളുടെ പാനൽ ചർച്ച.

## അഭിമുഖം

വിദഗ്ധരുമായി കുട്ടികളുടെ അഭിമുഖം.

## പരീക്ഷണ സാമഗ്രഹികൾ ശേഖരിക്കൽ

പ്രകൃതിയിൽ നിന്ന് പരീക്ഷണത്തിനാവശ്യമായ സാമഗ്രഹികൾ കണ്ടെത്തൽ.. രക്ഷിതാക്കൾ, അധ്യാപകർ, എന്നിവർ ചേർന്ന്.

## നിരീക്ഷണ ശിൽപ്പശാലകൾ

വൈവിധ്യമാർന്ന നിരീക്ഷണ ശിൽപ്പശാലകൾ സന്ദർശിക്കൽ.

# ടാലന്റ് ലാബ്

## കാഴ്ചപ്പാട്

- ഓരോ കുട്ടിയും വ്യത്യസ്തമായ കഴിവുകൾ ഉള്ളവരാണ്.
- വിദ്യാർത്ഥിയുടെ കഴിവിന്റെ സമസ്തമേഖലകളുടെയും വികാസം ലക്ഷ്യമിടും.
- ഓരോ വിദ്യാർത്ഥിയുടെയും സവിശേഷവും സർഗ്ഗപരവുമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കാനും ആവശ്യമായ അവസരങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായും സവിശേഷ സന്ദർഭങ്ങൾ ഒരുക്കിയും വികസിപ്പിക്കും.

## പ്രക്രിയ

- ടാലന്റുകളുടെ ലിസ്റ്റ് തയ്യാറാക്കൽ
- മുൻകൂട്ടി തയ്യാറാക്കിയ ഫോർമാറ്റ് ഉപയോഗിച്ച് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും അഭിരുചി കണ്ടെത്തൽ.
- സമാന അഭിരുചിയുള്ളവരെ ചേർത്ത് ടാലന്റ് ഗ്രൂപ്പുകൾ രൂപീകരണം.
- ഓരോ ടാലന്റ് ഗ്രൂപ്പിനും നടത്തിപ്പ് ചുമതലയ്ക്ക് ഓരോ കമ്മിറ്റി രൂപീകരണം.
- വിദഗ്ധരെ കണ്ടെത്തൽ.
- പരിശീലനത്തിനുള്ള ടൈംടേബിൾ രൂപപ്പെടുത്തൽ.
- നാലുമണിക്ക് ശേഷമോ ഒഴിവുദിനങ്ങളിലോ പരിശീലനം ക്രമീകരിക്കൽ
- വിദഗ്ധരുടെ സേവനം ഓരോ ഗ്രൂപ്പിനും ലഭ്യമാകുന്ന വിധമായിരിക്കണം ടാലന്റ് പരിപോഷണം.

# English

## Introduction

The education departments of all the states in India now acknowledge the important of students acquiring the proficiency in English as well as the mother- tongue. It is important that students are exposed to English in the primary classes, so that they get motivated to learn the international language in the prime age itself.

Schools need to plan and develop activities in English in which language is used in the natural setting rather than the artificial scenario that used to be the case in the traditional method. Immersion strategies to be used, so that the students accure the language skills such as speaking, listening, reading and writing on natural way similar to learning the mother tongue. To keep in the view that these principles of the following activities are planned for the students of Edachery Central L.P. School.

| Sl. No. | Programme | Activity | Duration |
|---|---|---|---|
| 1 | Reading<br>Listening<br><br>Speaking<br>Writing | Picture Cards<br>To hear more stories, poems<br>Conversation,roleplay, song<br>Description<br>Write a conversation<br>Story cards<br>English club<br>English assembly<br>exhibition<br>word chain<br>rhymes<br>concept map<br>solving puzzles<br>mask making<br>arranging words<br>describing a picture<br>language games<br>predicting clues from sentence cards. | June to march<br><br>December<br><br>June<br><br>February |

| SL NO | Programme | Activity | Duration |
| --- | --- | --- | --- |
| | | Sequencing the events in the story.<br>Classification of games.<br>Oral description of games<br>word puzzles.<br>English theatre | Short term |
| | | English diary writing<br>Spoken English in day to day life.<br>Games.<br>Cartoon presentation | Long term |
| | | English Fest<br>English reading corner<br>Wishing Card making<br>English magazine. | Long term |

**Picture Cards**

Using P.C and developing simple stories... focus speaking.

**Role Play**

Students do the role play of different professional by choosing the job from the list.

**English Club**

Making English club and including different activities, story telling, poetry competitions spell be competitions, news, reading etc..

**English Assembly**

Students oriented assembly programme where we include thought of the day, information, news reading, paragraph reading etc..

**Word Chain**

Giving a word and students making a chain with the ending letter.

**(Vocabulary)**

**_My own dictionary_**

Writing new Vocabulary and its meaning in a separate book.

**_Solving Puzzles_**

Students enjoy puzzles and they like to solve all the types of puzzles.

**_Arranging Words_**

Students find out words by using letters.

**_Language Games_**

Atlas, Bingo, Boss says, etc...

**_Sequencing the events in the story_**

Arranging the story in chronological order.

lassification of games

**_Vord Puzzles_**

Arranging the words from scrambled words.

**_glish Theatre_**

t the charactors from short stories from text books.

## English Diary Writing

Writing simple sentences based on their day to day life.

## Spoken English

Encourage the students to use words and simple sentences while speaking in the class and at their home also, conduct speaking test, just a minute, etc...

## Games

Word games, take a slip, puzzles, Boss says, word chain, etc..

## Cartoon Presenatation

Students make their own cartoon strips and show in the class.

## English fest

To encourage speaking, reading, writing and listening.

## English Reading Corner

Arrange short stories and picture stories, story charts in the reading corner.

## ***Wishing and Making***

Making their own activity book, collage and scrap book.

## ***English Magazine***

Making class magazine and school magazine by writing stories, and collecting informations.

## കായികം

- കുട്ടികളിലെ കായിക ശേഷി വളർത്താൻ ആഴ്ചയിൽ ഒരിക്കൽ മാസ് ഡ്രിൽ നടത്തുക.
- സ്പോർട്സ് മത്സരങ്ങളിലും വിവിധപ്രവർത്തനങ്ങളിലും പങ്കെടുപ്പിക്കുക.
- സൈക്കിൾ പരിശീലനം, നീന്തൽ പരിശീലനം, എന്നിവ നടത്തുക.

## പ്രവർത്തി പരിചയം, കലാപഠനം

1. മേളകളിൽ പങ്കെടുപ്പിച്ച് പ്രോത്സാഹനങ്ങൾ നൽകും
2. തുന്നൽ പരിശീലനം, നിർമ്മാണ പ്രവർത്തനങ്ങൾ. പാഴ്‌വസ്തുക്കൾ കൊണ്ടുള്ള കരകൗശലങ്ങൾ
3. നിർമ്മാണ കേന്ദ്രങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ്.

## ഐ.സി.ടി

1. ഐ.സി.ടി. ഉപയോഗിച്ച് കുട്ടികളെ നൂതന ആശയങ്ങളിലേക്ക് എത്തിക്കും.
2. പാഠഭാഗങ്ങൾ കേന്ദ്രീകരിച്ച് ഡോക്യുമെന്റേഷൻ നടത്തും.

# ആരോഗ്യശുചിത്വ പരിപാടി

| സിരിയൽ നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| 1 | ശുചിത്വസേനാരൂപീകരണം<br>വെയ്സ്റ്റ്ബിൻ<br>രൂപീകരണം | ജൂൺ |
| 2 | Healthy School Project<br>(എല്ലാമാസവുംപരിസ്ഥിതി<br>സർവ്വെ | ജൂലായ് |
| 3 | കൊതുകിനെതിരെകൂട്ടായ്മ.<br>ആരോഗ്യപ്രവർത്തകനു<br>മായി അഭിമുഖം<br>വ്യക്തിശുചിത്വപോസ്റ്റർ<br>നിർമ്മാണം | ആഗസ്ത് |
| 4 | ഭക്ഷണത്തിലെ മായം<br>പഠനക്ലാസ് | ഒക്ടോബർ |
| 5 | വേനൽക്കാലരോഗം<br>ക്ലാസ് | ഫെബ്രവരി |

## ഉപസംഹാരം

മുഴുവൻ കുട്ടികളെയും അിറവിന്റെ ഉയർന്ന തലങ്ങളിലെത്തിക്കുക. ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

പൊതുവിദ്യാലയങ്ങളെ പ്രാദേശിക സമൂഹത്തിന്റെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ ആവശ്യങ്ങൾ നേടാൻ പ്രാപ്തമായ നിലയിൽ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്.

എല്ലാ കുട്ടികൾക്കും സർവതോന്മുഖമായ വികാസത്തിന് തുല്യ അവസരങ്ങൾ ലഭ്യമാക്കുകയും സ്വന്തം കഴിവുകൾ കണ്ടെത്താനും ഉയർന്ന തലത്തിലെത്തിക്കാനും, പരിമിതികൾ മറികടക്കാനും കുട്ടികൾക്ക് കഴിയണം.